കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൂർക്കനാട് ഗ്രാമപഞ്ചായത്ത് 2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എം.പി.എം.27/1942/2018

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

തീയതി.27-10-2018.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,

(സെക്രട്ടറി മുഖേന)

മൂർക്കനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൂർക്കനാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

എം.എ.11/18

നം കെ.എസ്.എ.എം.പി.എം.27/1942/2018 തിയ്യതി:27-10-2018

## മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25-7-2017 മുതൽ 4-7-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ. എസ്. ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ.

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 5-07-2018 മുതൽ 17-07-2018വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. പി.സാബു.,ഓഡിറ്റ് ഓഫീസർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സി.അബ്ദുൾ ഗഫൂർ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷാജഹാൻ ഖുറൈശി.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

### ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.കെ.രാജഗോപാലൻ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ഷറഫുദ്ദീൻ.ഇ, സെക്രട്ടറി | 01.04.2017 മുതൽ 03.01.2018 വരെ |

| | |
|---|---|
| സുനി.ബി.റ്റി, (സെക്രട്ടറി ഇൻ ചാർജ്ജ്) | 04.01.2018 മുതൽ 06.03.2018 വരെ |
| ജോൺ.ടി, സെക്രട്ടറി | 07.03.2018 മുതൽ 31.03.2018 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| വിഇ ഒ | ശ്രീ.രാകേഷ്, | 01.04.2017മുതൽ 18.11.2017 വരെ |
| | ശ്രീമതി.റഷീദ | 19.11.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി.ഷെറീൻ ബീഗം, | 01.04.2017മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജ്ജൻ | ശ്രീ.മുജീബ് റഹ്മാൻ, | 01.04.2017മുതൽ 12.07.2017 വരെ |
| | ശ്രീമതി.റൂബി വിദ്യാധരൻ | 13.07.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയൂർവേദം | ശ്രീ.മനോജ് കുമാർ എ. | 01.04.2017മുതൽ 23.10.2017 വരെ |
| | ശ്രീ.അസൈനാർ.എം, | 24.10.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | ശ്രീ.കേതുൽ പ്രമോദ്.ഇ | 01.04.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റജിനാ വാസുദേവ്, | 01.04.2017മുതൽ 26.08.2017 വരെ |
| | ശ്രീമതി.ജസീന, | 27.08.2017മുതൽ 23.09.2017 വരെ |
| | ശ്രീ.സുഹൈബ് തോട്ടിയാൻ | 24.09.2017മുതൽ 28.10.2017 വരെ |
| | ശ്രീ.സമീർ അലി | 29.10.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.ഖദീജ.ഇ.എം, | 01.04.2018മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.നസീമ, എ, | 01.04.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി.മീരാഭായ്.കെ | 01.04.2017മുതൽ 21.06.2017 വരെ |
| | ശ്രീമതി.രാജശ്രീ, | 22.06.2017മുതൽ 01.11.20107 വരെ |
| | ഒഴിവ് | 02-11-2017 മുതൽ 16-11-2017 വരെ |
| | ശ്രീമതി.സുനി.ബി.റ്റി | 17.11.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | വിനോദ നികുതി കുടിശ്ശിക പിരിച്ചെടുത്തില്ല. ഗ്രാമ പഞ്ചായത്തിന് 31,25,000 രൂപയുടെ നഷ്ടം | 2-1 |
| 14 | അനധികൃത ടവറുകൾക്കെതിരെ നടപടിയെടുത്തില്ല. | 2-2 |
| 15 | സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല. | 2-3 |
| 16 | അധിക ഫീ ഈടാക്കിയിട്ടില്ല | 2-4 |
| 17 | ഫയലുകൾ ഹാജറാക്കിയില്ല. | 2-5 |
| 18 | കെട്ടിട നികുതി ഒഴിവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 2-6 |
| 19 | പണമിടപാടുകൾ പരിശോധിക്കപ്പെടുന്നില്ല. | 2-7 |
| 20 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല. | 2-8 |
| 21 | ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം | 2-9 |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 22 | പദ്ധതി നിർവ്വഹണം-അവലോകനം | 3-1 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - അപാകതകൾ | 3-2 |
| 24 | പാലിന് സബ്സിഡി നൽകിയത് രേഖകൾ അപൂർണ്ണം | 3-3 |
| 25 | ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല. | 3-4 |

| | | |
|---|---|---|
| 26 | കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ - അപാകതകൾ | 3-5 |
| 27 | സ്ട്രീറ്റ് ടാപ്പ്, സ്ട്രീറ്റ് ലൈറ്റ് - ബന്ധപ്പെട്ട സ്ഥാപനവുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-6 |
| 28 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്. | 3-7 |
| 29 | സ്ട്രീറ്റ് ലൈറ്റ് പുനസ്ഥാപിക്കൽ പ്രൊജക്ടുകൾ - അപാകതകൾ | 3-8 |
| 30 | ന്യൂട്രിമിക്സിൻെറ ഗുണമേൻമ പരിശോധിക്കുന്നില്ല | 3-9 |
| 31 | സർക്കാർ ഉത്തരവനുസരിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകിയില്ല | 3-10 |
| 32 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ- മറുപടി ലഭ്യമാക്കേണ്ടതാണ്. | 3-11 |
| 33 | രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 3-12 |
| 34 | പട്ടിക ജാതി കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - ( പ്രൊജക്ട് നം.129/18 ) - പൂർത്തീകരണ വിവരം ലഭ്യമല്ല- | 3-13 |
| 35 | വികസന കാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ്, ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധന:-അവശ്യ പദ്ധതികൾ പോലും ഉപേക്ഷിക്കപ്പെടുന്നു- | 3-14 |
| 36 | പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്- രേഖപ്പെടുത്തലുകൾ ശൂന്യം:- | 3-15 |
| 37 | ലോഗ് ബുക്ക് എഴുതുന്നതിലെ അപാകതകൾ സംബന്ധിച്ച്- | 3-16 |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം1 |
| 49 | Audited Abstract | അനുബന്ധം 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബഡ്ജറ്റ് 29.03.2017 തിയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 31.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018,<br>23.06.2018 | കെ.എസ്.എ.എം.പി.എം27/1362/2018 തി-3.7.2018 |

സർട്ടിഫിക്കേഷനിൽ സൂചിപ്പിച്ച അപാകതകൾ ഒന്നും പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2017-18 | |
|---|---|
| മുന്നിരിപ്പ് | 49727055 |
| വരവ് | 67435135 |
| ആകെ | 117162190 |
| ചെലവ് | 110821164 |
| നീക്കിയിരിപ്പ് | 6341026 |

## 1-5 ഫണ്ട് വിനിയോഗം **2017-18**

| ഫണ്ടിനം | OB | വരവ് | ആകെ | ചെലവ് | CB |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 15451000 | 15451000 | 14576542 | 874458 |
| വികസന ഫണ്ട് എസ്.സി.പി | - | 5642552 | 5642552 | 4261060 | 1381492 |
| മെയിന്റനൻസ്, റോഡ് | - | 7580000 | 7580000 | 7529769 | 50231 |
| മെയിന്റനൻസ്, നോൺ റോഡ് | - | 3471000 | 3471000 | 3413416 | 57584 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 7256894 | 7256894 | 6694034 | 562860 |
| ട്രഷറി ടി.എസ്.ബി.(ജനറൽ പർപ്പസ്) | - | 11451000 | 11451000 | 11366713 | 84287 |
| എസ്.ബി.റ്റി. ലിറ്ററസി | 26631.50 | 1348 | 27979 | ----- | 27979.50 |
| എ.എൻ.ആർ.ഇ.ജി.എസ്. | 45944 | 10565154 | 10611098 | 10563032 | 48066 |
| ട്രഷറി റ്റി.എസ്.ബി. ജോയിന്റ് വെഞ്ചർ | 274572 | 2596519 | 2871091 | 2624721 | 246370 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | --- | 49676812 | 49676812 | 49676812 | |
| തനത് ഫണ്ട് | 49379908 | 2644337 | 52024245 | 9518480 | 42505765 |

## 1-6 പദ്ധതി അവലോകനം.

a)ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

2017-18

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 256 | 83806968 | 211 | 50824534 | 12 | 62 | 76 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

*പാതിവഴിയിൽ ഉപേക്ഷിച്ച പദ്ധതികൾ ഇല്ല*

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 45944 | 780154 | 826098 | 778032 | 48066 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 9785000 | 9785000 | 9785000 | |

## 1-8 ക്ഷേമപദ്ധതികൾ.

a) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 28680 | 50 |
| കർഷകതൊഴിലാളി വേതനം | 3468600 | 1196 |
| വിധവാപെൻഷൻ | 19511100 | 6417 |
| വാർദ്ധക്യകാലപെൻഷൻ | 20664100 | 5943 |
| വികലാംഗപെൻഷൻ | 5228800 | 1688 |
| 50 വയസ്സിന മുകളിൽ, സഹായം | 654600 | 219 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.07.18ന് 10.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19036 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/03/2018 | 1/2/18-31 /03/2018 | 28/04/2018 |
| എ.ജി ഓഡിറ്റ് | 23/03/2017 | 2016-17 | 2016-17 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. കാനറാ ബാങ്ക്, കൊളത്തൂർ own fund അക്കൗണ്ട് (5971101001122), 1/2018 മുതൽ 3/2018വരെയുള്ള ബാങ്ക് ബുക്ക് തയ്യാറാക്കുകയോ റീകൺസിലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല. (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.2018 ലെ നീക്കിയിരിപ്പ് 8117382 ആണ്. എന്നാൽ RP40(b) പ്രകാരംആയത് 8521951 ആണ്.)
2. സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട്, RP40(b) പ്രകാരം 31.3.2018 ലെ ബാലൻസ് -4393546 ആണ് എന്നാൽ ട്രഷറി പാസ്ബുക്ക് പ്രകാരം ബാലൻസ് 2666742 ആണ് . 1/2018 മുതൽ 3/2018വരെയുള്ള ബാങ്ക് ബുക്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഒപ്പ് വെച്ചിട്ടില്ല.
3. സ്പെഷ്യൽ ടി.എസ്.ബി. joint venture projectഅക്കൗണ്ട്, RP40(b) പ്രകാരം 31.3.2018 ലെ ബാലൻസ് 246370 ആണ് എന്നാൽ ട്രഷറി പാസ്ബുക്ക് പ്രകാരം ബാലൻസ് 1071325 ആണ് . 1/2018 മുതൽ 3/2018വരെയുള്ള ബാങ്ക് ബുക്ക്തയ്യാറാക്കുകയോ റീകൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
4. SBT (SBI), പുലാമന്തോൾ അക്കൗണ്ട് (67386177108), 1/2018 മുതൽ 3/2018വരെയുള്ള റീകൺസിലിയേഷൻ നടത്തിയിട്ടില്ല. (ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക് എന്നിവ പ്രകാരം 31.3.2018 ലെ നീക്കിയിരിപ്പ് 17203 ആണ്. എന്നാൽ RP40(b) പ്രകാരംആയത് 19033 ആണ്.)
5. കുരുവമ്പലം സർവ്വീസ് സഹകരണ ബാങ്ക് സാക്ഷരത അക്കൗണ്ട് (01125), ബാങ്ക് ബുക്ക് തയ്യാറാക്കിയിട്ടില്ല.
6. MDC ബാങ്ക് കൊളത്തൂർ EMS അക്കൗണ്ട് , 40687 രൂപയും , MDC ബാങ്ക് , എം.എൻ ലക്ഷം വീട് 31.3.2016 ന് 512218രൂപയും നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ രണ്ട് അക്കൗണ്ടുകളും 31.3.2016 ന് ശേഷം അപ്ഡേറ്റ് ചെയ്തിട്ടില്ല. ബാങ്ക് ബുക്ക് തയ്യാറാക്കിയിട്ടില്ല.
7. RP-36 പ്രകാരം വസ്തു നികുതി അഡ്വാൻസ് വരവ് 2146ആണ്. എന്നാൽ B-9പ്രകാരം ആയത് 274516 ആണ്.
8. ജനറൽ പർപ്പസ് ഗ്രാന്റ് , ACR പ്രകാരം വരവ് 11451000 ആണ്. , എന്നാൽ RP-7പ്രകാരം ആയത് 10496742ആണ്. (ഒരു ഗഡു, 954258 രൂപ TSB അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല )
9. വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ, , RP-4ലെ വരവിനങ്ങൾ ക്ക് ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കിയിട്ടില്ല.
10. ബാലൻസ് ഷീറ്റിലെ B-7, B-18 ഇനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായഡെപ്പോസിറ്റ്.അഡ്വാൻസ് രജിസ്റ്ററുകളിൽ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.
11. B-1ഷെഡ്യൂൾ AFS നോടൊപ്പം ഉൾപ്പെടുത്തിട്ടില്ല.
12. Investment ആയി 150,00000രൂപയുണ്ട്. ആയതിന്റെ വിശദ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
13. തൊഴിൽ നികുതി, ഡി&ഒ, വിനോദ നികുതി എന്നിവയുടെ സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല.
14. ജീവനക്കാരുടെ തൊഴിൽ നികുതി,ഷെഡ്യൂൾ 1-1പ്രകാരം ഡിമാന്റ് 1333400രൂപയാണ് . എന്നാൽ രജിസ്റ്റർ പ്രകാരം, 1320950 ആണ്.
15. തൊഴിൽ നികുതി (ട്രേഡേഴ്സ്) ,ഷെഡ്യൂൾ 1-1പ്രകാരം ഡിമാന്റ് 300540രൂപയാണ് . എന്നാൽ രജിസ്റ്റർ പ്രകാരം, 307810 ആണ്.
16. 2016-17 വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല

17. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയിട്ടില്ല.
18. മുൻവർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
19. പഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ള / ലഭിക്കാനുള്ള ലഭ്യത സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ വെച്ചിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വിനോദ നികുതി കുടിശ്ശിക പിരിച്ചെടുത്തില്ല. ഗ്രാമ പഞ്ചായത്തിന് 31,25,000 രൂപയുടെ നഷ്ടം

ഭരണ സമിതിയുടെ 20.7.2017 ലെ 18-1 നമ്പർ യോഗതീരുമാന പ്രകാരം, ഗ്രാമ പഞ്ചായത്തിലെ ഫ്ലോറ ഫാന്റസിയ അമ്യൂസ്മെന്റ് പാർക്ക്, വെങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും 2016-17, 2017-18(ജൂൺ വരെ) എന്നീ വർഷങ്ങളിലെ വിനോദ നികുതിയിനത്തിലെ കുടിശ്ശിക 31,25,000 രൂപ (25,00,000 +625000) ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കുടിശ്ശിക നാളിതുവരെ ഈടാക്കിയിട്ടില്ല. നികുതിയിനത്തിലെ കുടിശ്ശികയുടെ യാതൊരു വിവരവും വിനോദ നികുതി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ എൻക്വയറി (നം-1/11.7.2018 ) ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ ഇക്കാര്യത്തിൽ കോടതിയിൽ കേസ് നിലവിലുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക 31,25,000 രൂപ കോടതി വിധിക്കനുസൃതമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിനോദ നികുതി യഥാസമയം ഡിമാന്റ് ചെയ്തു പിരിച്ചെടുക്കാത്തത് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും സെക്രട്ടറിയുടെയും വീഴ്ചയാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടം ഇക്കാര്യത്തിൽ ഫലപ്രദമല്ല എന്നുകാണുന്നു.

### 2-2 അനധികൃത ടവറുകൾക്കെതിരെ നടപടിയെടുത്തില്ല.

ഗ്രാമ പഞ്ചായത്തിൽ 11 ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നതായി മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. പ്രസ്തുത ടവറുകളുടെ ഉടമസ്ഥർക്കെതിരെ നാളിതു വരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ലക്ഷക്കണക്കിന് രൂപയുടെ വരവ് നഷ്ടമാണ് ഈ ഇനത്തിൽ ഓരോ വർഷവും പഞ്ചായത്തിന് സംഭവിക്കുന്നത്. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയോ ഭരണ സമിതിയോ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട ഫീസുകളും നികുതിയും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

### 2-3 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ എണ്ണത്തിൽ മുൻ വർഷത്തേക്കാൾ 69 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ 2017-18 ലെ ഭൂരിഭാഗം ലൈസൻസ് അപേക്ഷകളും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളുടേതാണ്. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതെ അപേക്ഷ നൽകുന്നവർക്ക് മാത്രം ലൈസൻസ് അനുവദിക്കുന്ന രീതിയാണ് ഇപ്പോഴും തുടരുന്നത്. സ്ഥാപന രജിസ്റ്റർ തയ്യാറാക്കാൻ മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചെങ്കിലും ആയത് പാലിച്ചിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയോ ഭരണസമിതിയോ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

### 2-4 അധിക ഫീ ഈടാക്കിയിട്ടില്ല

നിശ്ചിത സമയത്തിനകം ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരം ഈടാക്കേണ്ട അധിക ഫീ (ലൈസൻസ് ഫീയുടെ 25 ശതമാനം)ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ചില അപേക്ഷകളിൽ സ്ഥാപനം പുതിയതായി ആരംഭിക്കുന്നതാണോ അതോ ലൈസൻസ് പുതുക്കുന്നതാണോ എന്ന് രേഖപ്പെടുത്താത്തതിനാൽ അധിക ഫീ ഈടാക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം ലഭ്യമല്ല. ഈടാക്കാൻ അവശേഷിക്കുന്ന ഫീ ഈടാക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയോ ഭരണസമിതിയോ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല

| ക്രമ നം | ലൈസൻസി / കറന്റ് നം | സ്ഥാപനം | ഫീ ഈടാക്കിയ തിയ്യതി | ലൈസൻസ് ഫീ | ഈടാക്കാൻ അവശേഷിക്കുന്ന അധിക ഫീ |
|---|---|---|---|---|---|
| 1 | മുഹമ്മദ് കെ.എം. 140/2017 | ഫാക്ട് വളംഡിപ്പോ | 19.5.2017 | 200 | 50 |
| 2 | രാമകൃഷ്ണൻ 189/2017 | ശ്രീവത്സം മൂവീസ് | 27.12.2017 | 1000 | 250 |
| 3 | സൈതാലിക്കുട്ടി 194/2017 | ഫ്രണ്ട്സ് റോസ്റ്ററി | 26.7.2017 | 200 (25 രൂപ അധിക ഫീ ഈടാക്കിയിട്ടുണ്ട്) | 25 |
| 4 | സാദിഖ് 117/2017 | ഹോട്ടൽ അൽ മദീന | 19.7.2017 | 500 | 125 |
| 5 | വേണുഗോപാൽ 140/2017 | ആവണി ടെക്സ്റ്റയിൽസ് | 24.7.2017 | 300 (50 രൂപ അധിക ഫീ ഈടാക്കിയിട്ടുണ്ട്) | 25 |

## 2-5 ഫയലുകൾ ഹാജറാക്കിയില്ല.

2017-18 വർഷത്തിൽ പുതിയതായി നികുതി അസസ് ചെയ്ത് നമ്പർ നൽകിയ കെട്ടിടങ്ങളുടെ നമ്പറിങ് ഫയലുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. 150ച.മീറ്ററിൽ കൂടുതൽ ആകെ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നമ്പറിങ് ഫയലുകൾ ഓഡിറ്റ് എൻക്വയറി നം- 1/11.7.2018 പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. നമ്പറിങ് ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-6 കെട്ടിട നികുതി ഒഴിവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 24.11.2017ലെ യോഗ തീരുമാനം (3) പ്രകാരം , വാർഡിന്റെ ചുമതലയുള്ള ജീവനക്കാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം , പൊളിച്ച് മാറ്റിയതായി പറയപ്പെടുന്ന 159 കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾ എന്നാണ് പൊളിച്ച് മാറ്റിയത് എന്നോ പൊളിച്ച് മാറ്റുന്നത് വരെയുള്ള നികുതി ഈടാക്കിയിട്ടുണ്ടോ എന്നോ പരിശോധിക്കാതെയാണ് നികുതി ഒഴിവാക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഈ ഇനത്തിൽ കുടിശ്ശികയില്ല എന്ന് , ഓഡിറ്റ് എൻക്വയറി നം- 2/11.7.2018 ന് സെക്രട്ടറി നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയോ ഭരണസമിതിയോ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല

## 2-7 പണമിടപാടുകൾ പരിശോധിക്കപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പണപ്പിരിവ്, ഡെപ്പോസിറ്റ്, പിൻവലിക്കൽ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് ഓഫീസ് ഉത്തരവ് പ്രകാരം ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആയത് ദിനേന പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. 2018 മാർച്ച് 5 മുതലുള്ള ക്യാഷ് ബുക്ക്

സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയോ ഭരണസമിതിയോ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല

## 2-8 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല.

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ ചട്ടം 26(1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ,ആക്ടിലെ 207 വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവു വിളക്കുകളും ഡ്രൈനേജും സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ,ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ തെരുവ് വിളക്കിനും ജലവിതരണത്തിനും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഇത്തരത്തിലുള്ള നികുതികൾ ചുമത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലോ ഭരണസമിതിയുടെ ഭാഗത്തുനിന്നോ നടപടി കൈകൊണ്ടിട്ടില്ല. അതുപോലെ പരസ്യ നികുതി ചുമത്തുന്നതായി കാണുന്നില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നികുതികൾ ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

## 2-9 ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം

2017-18 ലെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം

കാണുന്നു. വിശദവിവരം ചുവടെ

| ക്രമ നം | ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻറ് | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി | 8650000 | 3584466 | 5065534 |
| 2 | തൊഴിൽ നികുതി | 1780000 | 1633940 | 146060 |
| 3 | D&O | 68700 | 64850 | 3850 |
| 4 | പെർമിറ്റ് ഫീ | 125000 | 149895 | -24895 |
| 5 | വിനോദ നികുതി | 2800000 | 634047 | 2165953 |
| 6 | വാടക(ബിൽഡിംഗ്) | 112000 | 53790 | 58210 |
| 7 | വാടക (ഓഡിറ്റോറിയം) | 423000 | 257000 | 166000 |

വസ്തു നികുതി,വിനോദനികുതി ,വാടക എന്നീ ഇനങ്ങളിൽ ബജറ്റ് നിർദ്ദേശത്തേക്കാളും വളരെ കുറഞ്ഞ തുകയും പെർമിറ്റ് ഫീ ഇനത്തിൽ കൂടിയ തുകയുമാണ് ഡിമാന്റായി ഉൾപ്പെടുത്തുന്നത്. തൊഴിൽ നികുതി ,ഡി&ഒ എന്നിവ മാത്രമാണ ബജറ്റ് നിർദ്ദേശവുമായി പൊരുത്തപ്പെടുന്നത്.ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് തയ്യാറാക്കുന്നത് എന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്.ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നരീതിയിൽ തയ്യാറാക്കേണ്ടതാണ്.ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഉണ്ടാകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണം-അവലോകനം

1.വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല.

ഗ്രാമ പഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിച്ചിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, നിർവ്വഹണം മോണിറ്ററിംഗ് എന്നിവയിൽ കാര്യക്ഷമമായി സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇടപെടുന്നതായി കാണുന്നില്ല.ദാരിദ്ര്യ ലഘൂകരണം,ആരോഗ്യ വിദ്യാഭ്യാസം,കൃഷി എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ മാത്രമാണ് കാര്യമായ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്.മിക്ക ഗ്രൂപ്പുകളും വർഷത്തിൽ ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.വിദ്യാഭ്യാസം,സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, മൃഗസംരക്ഷണം സാമൂഹ്യക്ഷേമം പൊതുമരാമത്ത്,ധനകാര്യം,ചെറുകിട വ്യവസായം എന്നിവയുടെ മിനുട്സിൽ തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

2.മോണിറ്ററിംഗ് ഫലപ്രദമല്ല.

പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളുടെ കാര്യക്ഷമതയും പുരോഗതിയും വിലയിരുത്തി എല്ലാവർക്കിംഗ് ഗ്രൂപ്പുകളും ബന്ധപ്പെട്ട മേഖലകളുടെ മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടതുണ്ട്.എന്നാൽ പദ്ധതികൾ ഒന്നുംതന്നെ കാര്യക്ഷമമായി തുടർമൂല്യനിർണ്ണയം നടത്തപ്പെടുന്നതായി കാണുന്നില്ല.

3.സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

വികസന സ്റ്റാന്റിംഗ് കമ്മിറ്റി

പതിമൂന്നാം പദ്ധതി ജി.ഒ(എം.എസ്)നം.72/2017ത.സ്വ.ഭ.വ തി.29.03.2017 പ്രകാരം കാർഷിക മേഖലയുടെ സർവ്വതോന്മുഖമായ വികസനത്തിന് ഉതകും വിധം ഏറ്റടുത്ത് നടപ്പിലാക്കാവുന്ന വിവിധ പദ്ധതികളെ കുറിച്ചും ആയത് നടപ്പിലാക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും വിവരിച്ചിട്ടുണ്ട്. എന്നാൽ ജൈവ വള വിതരണത്തിന് മാത്രം ഊന്നൽ നൽകിയിട്ടുള്ള പദ്ധതികളാണ് കാർഷിക മേഖലയിൽ കൂടുതലും നടപ്പിലാക്കിയിട്ടുള്ളത്.ഗ്രാമ പഞ്ചായത്തിൽ തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും തടയണ കെട്ടുന്നതിനും പൊതു/സ്വകാര്യ കുളങ്ങൾ സംരക്ഷിക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പിൽ നിന്നും നിർദ്ദേശം വന്നെങ്കിലും പദ്ധതി ഉണ്ടാക്കുകയോ നിർവ്വഹണം നടത്തുകയോ ചെയ്തില്ല.ഗ്രാമ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 80 ഹെക്ടറോളം തരിശുഭൂമിയുണ്ടായിട്ടും,ജലസേചന സൗകര്യം വളരെ കുറവായിട്ടും ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കാത്തത് കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്.നെൽകൃഷി വിസ്തൃതി വർദ്ധിപ്പിച്ചും കാർഷികമേഖലയിൽ യന്ത്രവത്കരണം നടപ്പാക്കിയും കാർഷികമേഖല അഭിവൃദ്ധിപ്പെടുത്താൻ വേണ്ട പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.മൃഗസംരക്ഷണംവർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 13.2.17,25.5.17തിയ്യതികളിൽ യോഗം കൂടിയിട്ടുണ്ടെങ്കിലും മിനുട്സിൽ തീരുമാനം ഒന്നും രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ തന്നെ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും എന്തൊക്കെ നിർദ്ദേശങ്ങളാണ് പദ്ധതി തയ്യാറാക്കുന്നതിന് നൽകിയത് എന്നത് വ്യക്തമല്ല,എങ്കിലും 8 പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.മൃഗസംരക്ഷണ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായ തീറ്റപ്പുൽകൃഷിയുടെ അഭാവം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. പദ്ധതികളുടെ തുടർ മൂല്യ നിർണ്ണയം നടത്താത്തതിനാൽ പദ്ധതി ലക്ഷ്യമിട്ട നേട്ടം കൈവരിച്ചോ എന്നത് വിലയിരുത്തപ്പെടുന്നില്ല.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഭൂരഹിതരായ 710 കുടുംബങ്ങളും ഭവനരഹിതരായ 1060 കുടുംബങ്ങളും വാസയോഗ്യമല്ലാത്ത വീടുള്ളവരായ 172 കുടുംബങ്ങളും ഉണ്ട്.2017-18-ൽ ഭവനനിർമ്മാണം,ഭൂമിവാങ്ങൽ തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. 13.2.2017 -ൽ കൂടിയ ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പിൽ ഭൂമി,വീട്,കക്കൂസ് നിർമ്മാണം തുടങ്ങിയ നിർദ്ദേശങ്ങൾ ഉണ്ടായെങ്കിലും പദ്ധതികളായി നടപ്പിലാക്കിയില്ല. .ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 8% എസ്.സി വിഭാഗത്തിൽപ്പെട്ടവരാണ്.സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 644 കുടുംബങ്ങൾ ഭൂരഹിത/ഭവനരഹിത കുടുംബങ്ങളിൽപ്പെട്ടവരാണ് . 2017-18 വർഷത്തിൽ പട്ടികജാതി വിഭാഗത്തിനായി 8530192രൂപ വകയിരുത്തുകയും ആയതിൽ 4261060 രൂപചെലവഴിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും (ആകെ 19 പ്രൊജക്ടുകൾ) ആയതിൽ ഭവന നിർമ്മാണത്തിനായി പദ്ധതിനടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ ഒന്നും പട്ടികജാതി

വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഉണ്ടായിട്ടില്ല. ഭവനപുനരുദ്ധാരണ പദ്ധതികൾമാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അനിവാര്യമായും വകയിരുത്തേണ്ട പി.എം.എ.വൈക്കും തുക വകയിരുത്തിയിട്ടില്ല.പട്ടികജാതിക്കാരുടെ അടിസ്ഥാന സൗകര്യവികസനത്തിന് മുൻഗണനനൽകി കൂടുതൽ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. സമൂഹത്തിലെ ഒറ്റപ്പെട്ടവരും ദരിദ്രരുമായ കുടുംബങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി ,ആവശ്യമായ സഹായങ്ങൾ എത്തിച്ച് അഗതി കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രൊജക്ടാണ് ആശ്രയ.പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ(ജി.ഒ.എം.എസ്)72/2017 തി.29.3.2107)പ്രകാരം പദ്ധതി വിഹിതത്തിലെ വികസന ഫണ്ടിൽ നിന്നും എല്ലാ ഗ്രാമപഞ്ചായത്തുകളും അഗതി കുടുംബങ്ങൾക്ക് വേണ്ടി നിർബന്ധമായും പ്രൊജക്ട് തയ്യാറാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.2017-18 ൽ വികസനഫണ്ട് 50000 രൂപയും തനത് ഫണ്ട്50000 രൂപയും അടക്കം 100000രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലായില്ല.നിലവിൽ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വെ മാത്രമാണ് പൂർത്തിയായിട്ടുള്ളത്.പദ്ധതി നടപ്പിലാക്കാൻവേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് പദ്ധതിരൂപീകരിക്കുന്നതിനും പദ്ധതികൾ നിർവ്വഹണ കലണ്ടർ പ്രകാരം പൂർത്തീകരിച്ച്, ലക്ഷ്യം പൂർത്തികരിച്ചോ എന്നും സ്റ്റാന്റിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും തുടർമോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

4.പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചില്ല.

2017-18 വർഷം 256പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്.ആയതിൽ 62 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. 2017-18 ലെ പദ്ധതികൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രം നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 18100325 | 14576542 | 80.5 |
| 2 | പ്ലാൻ ഫണ്ട് SCP | 8530192 | 4261060 | 50 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 10194890 | 6694034 | 65.6 |
| 4 | ലോക ബാങ്ക് ധനസഹായം | 0 | 0 | 0 |
| 5 | പ്ലാൻ ഫണ്ട് TSP | 0 | 0 | 0 |
| 6 | കേന്ദ്ര ധനസഹായം | 2949461 | 1716349 | 58 |
| 7 | മെയിന്റനൻസ് ഗ്രാന്റ് NR | 5057339 | 3411822 | 67.4 |
| 8 | മെയിന്റനൻസ് ഗ്രാന്റ് R | 11230000 | 7529769 | 67 |
| 9 | തനത് ഫണ്ട് | 19548384 | 10951913 | 56 |
| 10 | ബ്ളോക്ക് വിഹിതം | 1267500 | 1122445 | 88.5 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 747500 | 297500 | 39.7 |
| 12 | മറ്റുള്ളവ | 5771750 | 263140 | 4.5 |
| 13 | സംസ്ഥാനാവിഷ്കൃതം | 312500 | 0 | 0 |

ആകെ 61 % തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.ലഭ്യമായ ഫണ്ടുകൾ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ ഭരണ സമിതി കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്

## 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - അപാകതകൾ

2017-18 -ൽ അസി. സെക്രട്ടറി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം (പ്രൊജക്ട് നം 21/2018) എന്ന പദ്ധതിക്കായി 287280 രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം.10/23.2.2018)ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. പതിമൂന്നാംപദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം.എസ്)നം.80/2017 ത.സ്വ.ഭ.വ തി.3.4.2017 പ്രകാരം സൈക്കിൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നും പട്ടികജാതി വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലന്ന സാക്ഷ്യപത്രം ഹാജരാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ പട്ടികജാതി വകുപ്പിൽ നിന്ന് മുമ്പ് ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെയും ,സൈക്കിളുകൾ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന നിബന്ധന പാലിക്കാതെയും കുട്ടികൾക്ക് നേരിട്ട് വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. സാക്ഷ്യപത്രം ഹാജരാക്കുകയും അപാകതക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയും ചയ്യുന്നതുവരെ ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പദ്ധതിനടത്തിപ്പിൽ മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കുന്നുവെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

.

## 3-3 പാലിന് സബ്സിഡി നൽകിയത് രേഖകൾ അപൂർണ്ണം

2017-18 -ൽ ക്ഷീരവികസന ഓഫീസർ നടപ്പിലാക്കിയ പാലിന് സബ്സിഡി (പ്രൊജക്ട് നം 270/2018) എന്ന പദ്ധതി ക്കായി 123188 രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം.1/20.3.2018)ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ബന്ധപ്പെട്ട ബില്ലിനോടൊപ്പം 33 പേർക്കാണ് തുക നൽകിയിട്ടുള്ളത്.എന്നാൽ കർഷകരുടെ പാലിന്റെ അളവ്,നൽകിയ സബ്സിഡി എന്നിവ കാണിക്കുന്ന പട്ടിക വ്യക്തമല്ലാത്തതിനാൽ തുക നൽകിയതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.കൂടാതെ ക്രമ നം 27 ശിവശങ്കരൻ(തുക 1886) ക്രമനം.29 നസ്രത്ത് (തുക 2293)എന്നിവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടുകാണുന്നില്ല. വ്യക്തമായ രേഖകൾ ഹാജരാക്കുകയും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയും ചെയ്യുന്നതുവരെ ചെലവുതുക 1,23,188 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 ലൈബ്രറിസെസ് നാളിതുവരെ അടവാക്കിയിട്ടില്ല.

സർക്കുലർ നം.10088/എൽ3/05/തസ്വഭവ.തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ - അപാകതകൾ

പ്രൊജക്ട് : മുണ്ടുമ്മൽ കുന്ന് കുടിവെള്ള പദ്ധതി - 20എച്ച്.പി. മോട്ടോർ വാങ്ങൽ

നം : S280/18

അടങ്കൽ - 2,15,000 ( പ്ളാൻ ഫണ്ട് - 1,68,069 ; ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് - 46931 )

ബിൽ നം. 9/28-8-2017 : 46431

ബിൽ നം. 10/28-8-2017 : 168069

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ കുടിവെള്ള പദ്ധതിയ്ക്ക് റെയ്ഡ്കോയിൽ നിന്നം 20 HP മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. റെയ്ഡ്കോയിൽ നിന്നം ലഭ്യമാക്കേണ്ടതായ വാറന്റി, കാററലോഗ് എന്നിവ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടില്ല. വാങ്ങി നൽകിയ മോട്ടോർ സ്റ്റോക്കിൽ ചേർത്ത് , കരാറുടമ്പടി വച്ചാണ് കൺവീനർക്ക് കൈമാറേണ്ടത് . അപ്രകാരം ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 സ്ട്രീറ്റ് ടാപ്പ്, സ്ട്രീറ്റ് ലൈറ്റ് - ബന്ധപ്പെട്ട സ്ഥാപനവുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

എ) പഞ്ചായത്തിൽ കേരള ജല അതോറിറ്റി നടപ്പിലാക്കിവരുന്ന തെരുവ് കുടിവെള്ള വിതരണത്തിന് വാട്ടർ ചാർജ് അടച്ചുവരുന്നുണ്ട്. സ.ഉ(സാ)1275/2009/ ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനം ജലഅതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം നൽകുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓരോ മാസവും ജല അതോറിറ്റി സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 58,625/-രൂപ വീതം ജലഅതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ച രജിസ്റ്റർ.

2. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

ടാപ്പുകളുടെ ഉപയോഗക്ഷമത സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും ആയതിൻെറ അടിസ്ഥാനത്തിൽ വെള്ളക്കരം പുനർ നിർണ്ണയിക്കേണ്ടതുമാണ്.

ബി) തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസത്തിൽ 40304/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം,ഇനം എന്നിവ സംബന്ധിച്ച രജിസ്റ്റർ. പോസ്റ്റുകൾക്ക് നമ്പർ നൽകി വിളക്കിന്റെ ഇനം രേഖപ്പെടുത്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

2. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

നിലവിൽ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതിൻെറ അടിസ്ഥാനത്തിൽ വൈദ്യുത ചാർജ്ജ് പുനർ നിർണ്ണയിക്കേണ്ടതാണ്.

## 3-7 പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

വിവിധ പദ്ധതികൾക്കായി താഴെപ്പറയുന്ന ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ട്. ആയതിൻെറ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് :

| പ്രൊജക്ട് | സ്ഥാപനം | തുക | ബിൽ നമ്പർ |
|---|---|---|---|
| S0008/2018<br>സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ നൽകൽ | വനിതാ വികസന കോർപ്പറേഷൻ | 1,17,108 | 19/25-11-2017 |
| S0292/2018 | കെ.എസ്.ഇ.ബി. | 5,00,000 | 27/14-03-2018 |

| | | | |
|---|---|---|---|
| സമ്പൂർണ്ണ വൈദ്യുതീകരണം കെ.എസ്.ഇ.ബി.ക്ക് തുക കൈമാറൽ | | | |
| S0010/2018<br>എസ്.എസ്.എ. വിഹിതം നൽകൽ | എസ്.എസ്.എ. | 8,00,000 | 08/07-07-2017 |
| S0266/2018<br>എസ്.എസ്.എ. വിഹിതം (എസ്.സി.) | എസ്.എസ്.എ. | 2,00,000 | 10/07-07-2017 |

ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും, നല്കിയ തുകയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 16,17,108 രൂപ തടസ്സം ചെയ്യുന്നു.

## 3-8 സ്ട്രീറ്റ് ലൈറ്റ് പുനസ്ഥാപിക്കൽ പ്രൊജക്ടുകൾ - അപാകതകൾ

1.പ്രൊജക്ട് - സ്ട്രീറ്റ് ലൈറ്റ് പുനസ്ഥാപിക്കൽ
നം. – S002/18

അടങ്കൽ - 10,00,000

ബിൽ നം. 21/13-12-17 : 9,97,750
2.പ്രൊജക്ട്- നിലവിലുള്ള സ്ട്രീറ്റ് ലൈറ്റ് മാറ്റി എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ 2015-16
നം.s003/18
അടങ്കൽ – 994500
ബിൽ നം. 22/13-12-17 : 9,94,500
ആകെ :19,92,250 /-രൂപ

മേൽ പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1. 5,00,000 രൂപയിൽ കൂടുതൽ അടങ്കലുള്ള എല്ലാ പ്രവൃത്തികൾക്കും ഇ-ടെണ്ടർ ചെയ്യണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

2. സമർപ്പിച്ച ടെണ്ടറുകളിൽ സെക്രട്ടറി താരതമ്യ പട്ടിക സമർപ്പിച്ചതിൽ ,പ്രൊക്യർമെൻറ് കമ്മിറ്റി പരിശോധിച്ച് 17-12-2016ലെ 1(13) തീരുമാന പ്രകാരം നോഗോസിയേഷൻ നടത്തി 3250/-രൂപ നിരക്കിൽ മെനോര പവർ, തൃശ്ശൂർ എന്ന സ്ഥാപനത്തിൻെറ ടെണ്ടർ അംഗീകരിച്ചു. എന്നാൽ സമർപ്പിച്ച സാമ്പിളുകൾ IRTC,മുണ്ടൂർ എന്ന സ്ഥാപനം പരിശോധിച്ച് റിപ്പോർട്ട് നൽകിയത് 16-03- 2017ന് മാത്രമാണ്.
3. ഏതെല്ലാം പോസ്റ്റുകളിൽ (നമ്പർ പ്രകാരം) പ്രവൃത്തി നടത്തിയിട്ടുണ്ട് എന്ന് വ്യക്തമല്ല.

4. KSEBയുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് മെനോര പവർ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് തുക അനുവദിച്ചത്. നടപടിക്രമങ്ങൾ പാലിക്കാതെ ചെലവഴിച്ച 19,92,250/-രൂപ തടസ്സം ചെയ്യുന്നു.

## 3-9 ന്യൂട്രിമിക്സിൻെറ ഗുണമേൻമ പരിശോധിക്കുന്നില്ല

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (2-11-12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan,

Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്.

2017-18 വർഷത്തിൽ ന്യൂട്രിമിക്സ് വാങ്ങുന്നതിനായി 1151803രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 ന് മുമ്പോ, ശേഷമോ ലാബ് പരിശോധനക്കുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. പൂർണ്ണേന്ദു മാനസി ന്യൂട്രിമിക്സ്, കൊളത്തൂർ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ഗുണമേൻമ പരിശോധിക്കാതെ ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് കാരണം അറിയിക്കേണ്ടതാണ്.

## 3-10 സർക്കാർ ഉത്തരവവിലെ നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകിയില്ല

പ്രോജക്ട് നം.: S034/118

നിർവ്വഹണം- ICDS സൂപ്പർവൈസർ

ബിൽ നം. : 10/19-01-2018 തുക : 5,00,000

ചെക്ക് നം. :നമ്പർ ലഭ്യമല്ല/06-01-18 തുക : 2,50,000

03.04.2017ലെ ജി.ഒ.(എം.എസ്)80/2017/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക10.3പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകിയിട്ടുണ്ട്.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽപോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (പ്രതിമാസം) | ആകെ (വാർഷികം) |
|---|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 | 12000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | - | 1500 |

| | | | |
|---|---|---|---|
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | - | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 1000 | 12000 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | - | 1000 |
| | | - | 28500 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 27500 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 28500രൂപയും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്.

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുകയുടെ ലഘു വിവരണം താഴെ കൊടുക്കുന്നു.

1. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം |
|---|---|---|---|---|
| 1-4/നഴ്സറി ക്ലാസ്സ് | 3 | [(400x12)+500]x3 = 15900 | 12000 | 3900 |
| 5-8 | 9 | [(500x12)+600]x9 = 59400 | 45000 | 14400 |
| 9,10,+1,+2 | 6 | [(600x12)+800]x6 = 48000 | 36000 | 12000 |
| വൊക്കേഷണൽ പരിശീലനം | 2 | [(1000X12 )+1500}X 2 = 27000 | 20,000 | 7000 |
| ബിരുദം | 2 | [(800x12)+1000]x2 = 21200 | 16000 | 5200 |
| | | 1,71,500 | 1,29,000 | 42500 |

2.മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം |
|---|---|---|---|
| 62 | (62x28500)= 1767000 | (10016X61=610976)+ (10024X1=10024) = 6,21,000 | 1146000 |

സർക്കാർ ഉത്തരവിനനുസരിച്ച് സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 2017-18 വർഷത്തിൽ 11,46,000/- രൂപയുടെ ധനസഹായം നഷ്ടപ്പെട്ടിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്ന് നിർദ്ദിഷ്ട അനുപാതത്തിൽ ഫണ്ട്

ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ഉചിതമായില്ല. സർക്കാർ ഉത്തരവനുസരിച്ച് നിശ്ചിത നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് നൽകാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി മറ്റുതദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കി ആവശ്യമായ തുക പ്രൊജക്ടിൽ വകയിരുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതിന് ശ്രമം നടത്താതിരുന്നത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ വീഴ്ചയാണ്.

## 3-11 മെഡിക്കൽ ഓഫീസർ - പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ- മറുപടി ലഭ്യമാക്കേണ്ടതാണ്.

S0209/18 : PHCയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 2,50,000 (MG-NR)

ബിൽ നം.8/24-03-2018 : 2,50,000

S0207/18 : പരിരക്ഷ

അടങ്കൽ - 7,60,000 (പ്ലാൻ -3,60,000, ബ്ലോക്ക് പഞ്ചായത്ത് - 4,00,000)

ട്രഷറി ചെക്ക് നം. 9452748/27-03-18 : 324955

എ) മേൽ പ്രൊജക്ടുകൾ പ്രകാരം മെഡിക്കൽ ഓഫീസർ - പി.എച്ച്.സി, കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് മരുന്ന ലഭ്യമാക്കുന്നതിനായി 4,00,000/-രൂപ(2,50,000+1,50,000)നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ വിതരണം ചെയ്തിട്ടില്ല. ചെലവു തുക 4 ലക്ഷം രൂപ തടസ്സം ചെയ്യുന്നു.

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

ബി) S0207/18 -ാം നമ്പർ പ്രൊജക്ടിൻ കീഴിൽ പരിരക്ഷ ഗുണഭോക്താക്കൾക്കുള്ള ഉപകരണങ്ങൾ വാങ്ങിയതിൻെറ വിലയായി 1,74,955 രൂപ SIDCOക്ക് നൽകിയിട്ടുണ്ട്.

G.O(Rt.)No.33/2017/SPD/17-06-2017 പ്രകാരം, ടെണ്ടർ നടപടികൾ കൂടാതെ SIDCOയിൽ നിന്നും വാങ്ങാൻ അനുമതിയുള്ള ഹോസ്പിറ്റൽ ഫർണിച്ചറുകൾക്ക് പകരം ഹോസ്പിറ്റൽ ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്. സിഡ്കോയുടെ PI/MJI0502A/04-12-2017 -ാം നമ്പർ ഇൻവോയ്സ് പ്രകാരം നടത്തിയ വാങ്ങലിൽ semi fowlers cot മാത്രമാണ് ഇപ്രകാരം വാങ്ങാവുന്നത്. സർക്കാർ ഉത്തരവ് പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-12 രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

എ) വൗച്ചർ നം. 21700412/26-08-17 : 21750

വൗച്ചർ നം. 21700413/26-08-17 : 110010

വൗച്ചർ നം. 21700414/26-08-17 : 295000

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്, 19 വാർഡുകൾക്കും വീതിച്ച് നൽകുന്നതിനായി മേൽ വൗച്ചറുകൾ പ്രകാരം പിൻവലിച്ച 4,26,760രൂപ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)ക്ക് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ആയതിൻെറ ചെലവ് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

സർക്കുലർ നം.127/2017/തസ്വഭവ/16-03-2017 പ്രകാരം NRHM,ശുചിത്വമിഷൻ എന്നിവയുടെ ഗ്രാന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 426760/-രൂപ തടസ്സം ചെയ്യുന്നു.

ബി) ഗ്രാമപഞ്ചായത്ത് ജീപ്പിൻെറ ഇൻഷ്വറൻസ് പോളിസി പുതുക്കുന്നതിനായി വൗച്ചർ നം. 21700604/16-11-2017 പ്രകാരം 11,436 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ആയതിന് ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ നിന്നും ലഭിച്ച ഔദ്യോഗിക രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവു

തുക 11436/-രൂപ തടസ്സം ചെയ്യുന്നു.

## 3-13 പട്ടിക ജാതി കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - ( പ്രൊജക്ട് നം.129/18 ) - പൂർത്തീകരണ വിവരം ലഭ്യമല്ല-

2017-18 വർഷം അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിലെ പതിമൂന്ന് പട്ടികജാതി കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി പ്രകാരം 800000/-രൂപ എക്സി.എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻമലപ്പുറത്തിന് നൽകിയിട്ടുണ്ട്.കരാർ പ്രകാരം 2018 ഒക്ടോബർ മാസം 30-ാംതീയതിക്കു മുൻപായി പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്.ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ, എത്ര കോളനികളിൽ പദ്ധതി പൂർത്തിയായി, എത്ര കോളനികളിൽ പൂർത്തീകരിക്കാനുണ്ട് തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളൊന്നും തന്നെ മോണിട്ടറിംഗ് ചെയ്യപ്പെട്ടില്ല. വിശദവിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ 6-ാംനമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.പൂർത്തീകരണ വിവരങ്ങൾ അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ആയത് വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്റർ ചെയ്യേണ്ടതുമാണ്.

## 3-14 വികസന കാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ്, ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധന:-അവശ്യ പദ്ധതികൾ പോലും ഉപേക്ഷിക്കപ്പെടുന്നു-

1. പൊതുകിണർ റിപ്പയർ പദ്ധതി നടപ്പാക്കാതെ ഉപേക്ഷിച്ചത് സംബന്ധിച്ച്-

2017-18 വർഷത്തെ വികസന കാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 19-04-2017ലെ 1(1)-ാംനമ്പർ തീരുമാനപ്രകാരം പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ 04-08-2017ലെ 1(1)-ാംനമ്പർ തീരുമാനപ്രകാരം 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് തീരുമാനിച്ച കുടിവെള്ളവുമായി ബന്ധപ്പെട്ട ആറ് പദ്ധതികൾ സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.ഇതിൽ ഒന്ന് പൊതു കിണർ റിപ്പയർ (എസ്സ്.സ്സി)(240/18) എന്ന പദ്ധതിയാണ്.കുടിവെള്ള ക്ഷാമംഇത്രയേറെ രൂക്ഷമായ പഞ്ചായത്തിൽ നിലവിലുള്ള ജലസ്രോതസ്സുകൾ ഏതുവിധേനയും സംരക്ഷിക്കപ്പെടേണ്ട അവസ്ഥയിലാണ് പൊതു കിണർ റിപ്പയർ എന്ന പദ്ധതി ഉപേക്ഷിക്കപ്പെട്ടത്. ആയതിന്റെ സാഹചര്യം വ്യക്തമല്ല. ഇതിൽ നിന്നും പദ്ധതികളുടെ പ്രാധാന്യം ഉൾക്കൊള്ളാതെയും, ആവശ്യകത നിർണ്ണയിക്കാതെയും പദ്ധതികൾ ആവിഷ്കരിക്കുന്നു.എന്നത് വ്യക്തമാണ്.

2.അംഗീകാരം കിട്ടുന്ന പദ്ധതികൾ നിർവ്വഹണ കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടാതെ ഉപേക്ഷിക്കപ്പെടുന്നു -

വികസന കാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 06-04-2018ലെ 3(1)-ാംനമ്പർ തീരുമാനപ്രകാരം 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതും എന്നാൽ പൂർത്തീകരിക്കാൻ സാധിക്കാത്തതുമായപ്രൊജക്ടുകൾ 2018-19 വർഷം സ്പിൽ ഓവറായി കൊണ്ടുവരുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിന് യോഗം തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.72പദ്ധതികളാണ് ഇപ്രകാരം തൻവർഷം ഉപേക്ഷിക്കപ്പെട്ടത്.നിർവ്വഹണ കലണ്ടർ അനുസരിച്ച് പദ്ധതികൾ യഥാസമയം നിർവ്വഹിക്കപ്പെടുന്നില്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെട്ടെങ്കിൽ മാത്രമേ ആയതിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് പൂർണ്ണമായി ലഭ്യമാകൂ.സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും ഇക്കാര്യത്തിൽ വേണ്ടത്ര

ജാഗ്രത പുലർത്തേണ്ടതാണ്.

ജനറൽ കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നു-

ഭരണ സമിതി യോഗങ്ങളിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ പലതും യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നതായി മിനിറ്റ്സ് പരിശോധിച്ചതിൽ കാണുന്നു. ആയതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.ജനറൽ കമ്മിറ്റിയുടെ 29-04-2017ലെ 27-ാം നമ്പർ അജണ്ടക്കുള്ള 1-ാംനമ്പർ

തീരുമാനം-

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നിർമ്മിച്ച റോഡുകളും കെട്ടിടങ്ങളും വിട്ട് പോയ മറ്റ് ആസ്തികളും ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ അസ്സി.എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

2.ജനറൽ കമ്മിറ്റിയുടെ 26-08-2017ലെ 6-ാം നമ്പർ അജണ്ടക്കുള്ള 1-ാംനമ്പർ

തീരുമാനം-

കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2016ൽ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾ 2016 പ്രകാരം ഓരോ പഞ്ചായത്തും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ഗ്രീൻ-പ്രോട്ടോകോൾ ബൈലോ നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നതിനാൽ ഗ്രീൻ-പ്രോട്ടോകോൾ ബൈലോ കരട് തയ്യാറാക്കുന്നതിന് അജണ്ട അടുത്തയോഗത്തിലേക്ക് മാറ്റി വെക്കാൻ തീരുമാനിച്ചു.

മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രീൻ-പ്രോട്ടോകോൾ ബൈലോയുടെ കരട് തയ്യാറാക്കുകയും ആസ്തി രജിസ്റ്റർ കാലികമാക്കുകയും ചെയ്തത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാസമയം തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

ജനറൽ കമ്മിറ്റി മിനിട്ട്സ് അപൂർണ്ണം-

സകർമ്മ സോഫ്റ്റ് വെയറിൽ ഓൺലൈനിൽ തയ്യാറാക്കിയ മിനിട്ട്സ് 02-02-2018 വരെയുള്ളത് മാത്രമാണ് പ്രിൻറ് എടുത്ത് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.യഥാസമയം മിനിറ്റ്സ് തയ്യാറാക്കി ക്ലോസ് ചെയ്ത് പ്രിന്റ് എടുത്ത് സൂക്ഷിക്കാത്തത് സദുദ്ദേശത്തോടെയല്ലാ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.തൻവർഷത്തെ ജനറൽ കമ്മിറ്റി മിനിട്ട്സ് കോപ്പി നാളിതുവരെയുള്ളത് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ മിനിട്ട്സ് പൂർണ്ണമായും ഹാജരാക്കുകയോ ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശം യഥാസമയം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്- രേഖപ്പെടുത്തലുകൾ ശൂന്യം:-

2017-18 വർഷം പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ യോഗങ്ങൾ 25-05-2017, 30-12-17, 08-03-2018 എന്നീ തീയതികളിൽ നടന്നതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി മിനിറ്റ്സിലെല്ലാം തന്നെ പങ്കെടുത്തവരുടെ പേരും ഒപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.13-ാംപദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 29-03-2017ൽ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ (എം.എസ്സ്)72/2017 തസ്വഭവ നം.ഉത്തരവിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ട് നടപ്പിലാക്കിയതിന് ശേഷം മോണിറ്ററിംഗ് സമിതിയായി മാറണമെന്നും, കഴിഞ്ഞ ഇരുപത് വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ വേണം പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത് എന്നത് വർക്കിംഗ് ഗ്രൂപ്പ് കൃത്യമായി പരിശോധിച്ചിരിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഉത്തരവിനനുസൃതമായി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെട്ടതിന്റെയോ, എടുത്ത തീരുമാനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യാതെ മിനിട്ട്സ് ബുക്ക് ശൂന്യമായി സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി നിർവ്വഹണത്തിനായി പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ ശരിയായ രീതിയിൽ പാലിക്കപ്പെടുന്നില്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

ഇപ്രകാരം അവ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 3-ാംനമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വസ്തുതകൾ പരിശോധിച്ച് ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ലോഗ് ബുക്ക് എഴുതുന്നതിലെ അപാകതകൾ സംബന്ധിച്ച്-

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-53-A-2852 എന്ന ബൊലേറൊ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ, വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് 30-06-2017ൽ ജി.ഒ (എം എസ്സ്)170/07-ാംനമ്പരായി പുറത്തിറക്കിയിട്ടുള്ള ഉത്തരവിലെ പല നിർദ്ദേശങ്ങളും പാലിക്കുന്നില്ലായെന്ന് കണ്ടു. ഈ ഉത്തരവ് പ്രകാരം ലോഗ് ബുക്ക്, പെട്രോൾ,ഡീസൽ,ഗ്യാസ്,ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ,ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും, ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്,എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ അപ്രകാരമൊരു സാക്ഷ്യപത്രം രേഖപ്പെടുത്തിക്കാണുന്നില്ല.വാഹന ചെലവുകൾക്ക് അംഗീകാരം നൽകുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലായെന്നതും ശ്രദ്ധേയമാണ്. ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 250000 | വികാലംഗ സ്കോളർഷിപ്പ് | 250000 | 0 |
| സി.ഡി.പി.ഒ | 131000 | സബല | 131000 | 0 |
| സി.ഡി.പി.ഒ | 911919 | ന്യൂട്രീഷ്യൻ പ്രോഗ്രാം സെൻട്രൽ ഷെയർ | 0 | 911919 |
| ബ്ലോക്ക് പഞ്ചായത്ത് | 297500 | ഉഴവ് കൂലി | 297500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 233835 | നെൽ വിത്ത് ജനറൽ | 235835 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 49810 | ഉഴവ് കൂലി | 49810 | 0 |
| ജില്ലാ പഞ്ചായത്ത് | 233835 | നെൽ വിത്ത് ജനറൽ | 235835 | 0 |
| ജില്ലാ പഞ്ചായത്ത് | 49810 | ഉഴവ് കൂലി | 49810 | 0 |
| ജില്ലാ പഞ്ചായത്ത് | 13855 | നെൽ വിത്ത് ജനറൽ | 13855 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 13855 | നെൽ വിത്ത് ജനറൽ | 13855 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 324955 | പബ്ലിക്ക് ഹെൽത്ത് | 324955 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇൻഫർമേഷൻ കേരള മിഷൻ | സാങ്കേതിക സഹായത്തിന് വിഹിതം നൽകൽ | 400223592 | 74185 | 74185 | പൂർത്തീകരിച്ച | 0 |
| എസ് എസ് എ | എസ് എസ് എ വിഹിതം | 400217731 | 800000 | വിനിയോഗ വിവരം ലഭ്യമല്ല | | |
| എസ് എസ് എ | എസ് എസ് എ വിഹിതം (എസ് സി പി) | 400274940 | 200000 | വിനിയോഗ വിവരം ലഭ്യമല്ല | | |
| കെ എസ് ഇ ബി | സമ്പൂർണ്ണ വൈദ്യുതീകരണം കെ എസ് ഇ ബി ക്ക് വിഹിതം നൽകൽ | 401095352 | 500000 | 0 | പൂർത്തീകരിച്ചിട്ടില്ല | 500000 |
| കെ എസ് ഡബ്ല്യ ഡി സി | സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിച്ചറി നാപ്കിൻ | 400690269 | 117108 | 0 | പൂർത്തീകരിച്ചിട്ടില്ല | 117108 |
| കെ ഡബ്ല്യ എ | എസ് സി കോളനികളിലേക്ക് പൈപ്പ് ലൈൻനീട്ടൽ | 837562 | 800000 | 0 | പൂർത്തീകരിച്ചിട്ടില്ല | 800000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ-2017-18

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - |
| തൻവർഷം നിക്ഷേപിച്ച തുക | 15000000 |
| ആകെ | 15000000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| സ്ഥിര നിക്ഷേപം | 15000000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 2005-06 | 6 | കാർഷിക ആവശ്യത്തിന്ട്രാക്ടർ-പദ്ധതിനിർവ്വഹണത്തിലെ അപാകത | നടപടിതുടരുന്നു. |
| | - | | 14 | ഓഫ്സെറ്റ് പ്രസ്സ് 7.5 ലക്ഷം നഷ്ടം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67435135 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110821164 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4858022 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1. | 3-2 | 287280 | ശ്രീമതി സുനി.ബി.ടി, അസിസ്റ്റന്റ് സെക്രട്ടറി |
| 2. | 3-3 | 123188 | ശ്രീമതി.നസീമ, എ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 3. | 3-7 | 1617108 | 1117108- ഷറഫുദ്ദീൻ.ഇ, സെക്രട്ടറി- |
| | | | 500,000- ജോൺ.ടി, സെക്രട്ടറി- |

| | | | |
|---|---|---|---|
| 4. | 3-8 | 1992250 | ശ്രീ.ഷറഫുദ്ദീൻ.ഇ., സെക്രട്ടറി |
| 5. | 3-11 | 400000 | ശ്രീ.കേതുൽ പ്രമോദ്. ഇ.,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 6. | 3-12(എ) | 426760 | ശ്രീ.കേതുൽ പ്രമോദ്. ഇ.,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 7. | 3-12(ബി) | 11436 | ശ്രീ.ഷറഫുദ്ദീൻ.ഇ., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ- ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1979-80 | എൽ.എഫ്.എം6/181/83/19-7-89/ | 4 | |
| 1980-81 | എൽ.എഫ്.എം6/167/84/19-7-89 | 6 | |
| 81-82 | എൽ.എഫ്.എം6/11451/85/19-7-89 | 12 | |
| 84-85 | എൽ.എഫ്.എം6/150/90/10-5-90 | 13 | |
| 85-86 | എൽ.എഫ്.എം6/1387/90/20-2-91 | 18 | |
| 86-87,87-88 | എൽ.എഫ്.എം6/642/92/29-8-92 | 20 | |
| 93-94,94-95 | എൽ.എഫ്.എം13/3268/14/16-12-14 | 4 | |
| 96-97 ചെലവ് | എൽ.എഫ്.എം13/3294/14/16-12-14 | 1 | |
| 97-98മുതൽ 01-02 വരെ (ചെലവ്) | എൽ.എഫ്.എം13/3274/14/16-12-14 | 77 | s |
| 96-97 (വരവ്) | എൽ.എഫ്.എം13/3270/14/16-12-14 | 3 | |
| 97-98 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം.13/3271/14/16-12-14 | 4 | |
| 98-99 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം13/3295/14/16-12-14 | 4 | |
| 99-2000 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം13/3272/14/16-12-14 | 2 | |
| 2000-01 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം13/3273/14/16-12-14 | 4 | |
| 01-02 | എൽ.എഫ്.എം12/2116/07/4-9-08 | 8 | |
| 02-03 | എൽ.എഫ്.എം12/1891/08/29-1-09 | 8 | |
| 03-04 | എൽ.എഫ്.എം12/1892/08/31-1-09 | 25 | |
| 04-05 | എൽ.എഫ്.എം12/1893/08/31-1-09 | 15 | |
| 05-06 | എൽ.എഫ്.എം12/2005/09/5-10-10 | 36 | |

| | | | |
|---|---|---|---|
| 06-07 | എൽ.എഫ്.എം12/418/09/21-11-11 | 16 | |
| 07-08 | എൽ.എഫ്.എം12/20/12/9-1-12 | 9 | |
| 08-09 | എൽ.എഫ്.എം12/21/12/9-1-12 | 9 | |
| 09-10, 10-11 | കെ.എസ്.എ.എം.പി.എം13/1483 /14/11.02.16 | 21 | |
| 11-12, 12-13 | എൽ.എഫ്.എം13/1557/14/18-5-15 | 24 | |
| 13-14, 14-15 | കെ.എസ്.എ.എം.പി.എം. 13/1781/15 /09-09-2015 | 18 | |
| 2015-16 | കെ.എസ്.എ.എം.പി.എം. 27/2500 /16/01.10.16 | 23 | |
| 2016-17 | കെ.എസ്.എ.എം.പി.എം. 27/1880 /17/18.8.17 | 30 | |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്. എ.എം പി .എം.27/1362/2018

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 03-07-2018.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 31-03-2018 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂർക്കനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറ് വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം.